ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യരംഗത്തെ ഗവേഷണ പഠനങ്ങൾക്ക് ലോകബാങ്ക് സഹായത്തോടെ കേന്ദ്രം നടപ്പിലാക്കുന്ന ആരോഗ്യവ്യവസ്ഥാ പദ്ധതി പ്രകാരം സഹായം ലഭിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പരമ്പരാഗത ആയുർവേദ ചികിത്സാമേഖലയ്ക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ഇന്ത്യയിലെ ഏതാനും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന ആരോഗ്യവ്യവസ്ഥാ പദ്ധതിയിൽ കേരളത്തേയും ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ദ്വിതീയതല ആശുപത്രികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 423.65 കോടി രൂപയുടെ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. ദ്വിതീയതല ആശുപത്രികളിൽ വിദഗ്ധ ചികിത്സ ലഭ്യമാകുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം, ചികിത്സാ സാമഗ്രികൾ ലഭ്യമാക്കൽ, ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് വിദഗ്ധ പരിശീലനം ലഭ്യമാക്കുക, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പദ്ധതികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിലും, മന്ത്രിതലത്തിലും സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

**107 (733) ആരോഗ്യരംഗത്ത് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ**

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യം നടപ്പിലാക്കാൻ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യരംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതിക്ക് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1978-ൽ അൽമഅറ്റയിൽ കൂടിയ അന്തർ ദേശീയ ആരോഗ്യ വിശകലന കോൺഫറൻസിൽ എടുത്ത തീരുമാനമാണ് "രണ്ടായിരാമാണ്ടോടെ ഏവർക്കും ആരോഗ്യമെന്ന" ആശയം. ഇതിന്റെ ഭാഗമായി 1983-ൽ ഭാരത സർക്കാർ രൂപപ്പെടുത്തിയ ദേശീയ ആരോഗ്യ നയം പടിപടിയായി നട

LIBRARY ARCHIVES Kerala Legislative Assembly

പ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും ഗ്രാമതലത്തിൽ പ്രവർത്തിക്കുന്നു. താലൂക്ക് തലത്തിലും ജില്ലാ തലത്തിലും കൂടുതൽ സൗകര്യങ്ങളോടെ ആശുപത്രികൾ പ്രവർത്തിക്കുന്നു. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികൾ ജനങ്ങളുടെ ആരോഗ്യ രക്ഷയിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. രോഗപ്രതിരോധത്തിനും, രോഗചികിത്സയ്ക്കും, ആരോഗ്യ ബോധവൽക്കരണത്തിനും പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഭാരത സർക്കാരിന്റെ ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് താഴെപ്പറയുന്ന ആരോഗ്യപരിപാടികൾ നടപ്പിലാക്കുന്നത്.

1. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി.
2. ദേശീയ ക്ഷയരോഗ നിവാരണ പരിപാടി.
3. ദേശീയ കുടംബക്ഷേമ പരിപാടി.
4. ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി.
5. ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി.
6. ദേശീയ അന്ധതാ നിവാരണ പരിപാടി.
7. ദേശീയ മാനസികാരോഗ്യ പരിപാടി.
8. ദേശീയ പോഷകാഹാര പരിപാടി.
9. ദേശീയ വികലാംഗക്ഷേമ പരിപാടി.
10. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി.

ഈ പരിപാടികൾക്കു പുറമേ അഞ്ച് വയസ്സിനു താഴെ പ്രായമുള്ള എല്ലാ കുഞ്ഞുങ്ങളേയും പോളിയോ രോഗത്തിൽനിന്നും രക്ഷിക്കുന്നതിനു വേണ്ടി ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടിയും 1995 മുതൽ നടന്നു വരികയാണ്.

പ്രജനന ശൈശവ ആരോഗ്യ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ വഴി പ്രവർത്തനം നടന്നുവരുന്നു.

(ബി)&(സി) കൈക്കൊണ്ട പ്രധാന നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

20 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. അനുവദിക്കപ്പെട്ടിരുന്നുവെങ്കിലും പ്രവർത്തനമാരംഭിക്കാതെ കിടന്നിരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു. പുതിയ ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചു. ആശുപത്രികളിൽ ആവശ്യകത കണക്കിലെടുത്ത് സാമ്പത്തികസ്ഥിതിയ്ക്കനുസൃതമായി മരുന്നും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കി. ഡോക്ടർ നിയമനത്തിനുള്ള പി.എസ്.സി ലിസ്റ്റിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ താൽക്കാലികമായി നിയമിച്ചു. സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഹൃദയശസ്ത്രക്രിയ ആരംഭിച്ചു. വിവിധ കേന്ദ്ര ആരോഗ്യ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി പുതിയ വാർഡുകൾ പണിഞ്ഞു. കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചു. പുതിയ തസ്തികകൾ സൃഷ്ടിച്ചു. ഇതിലൊക്കെ ഉപരിയായി അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റേയും ഫലമായി ആരോഗ്യ സ്ഥാപനങ്ങളുടെ നടത്തിപ്പും ചുമതലയും വിട്ടുകിട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും പദ്ധതിരേഖകൾ തയ്യാറാക്കി. വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക ആരോഗ്യ മേഖലയ്ക്കുവേണ്ടി ചെലവഴിക്കുകയും അതിന്റെ ഫലമായി അത്ത് സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

**108 (734) ആരോഗ്യവകുപ്പിന് അനുവദിച്ച തുക**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് ഈ വർഷത്തെ ബഡ്ജറ്റിൽ കഴിഞ്ഞ വർഷം ആകെ അനുവദിച്ചതിനേക്കാൾ എത്ര തുക കൂടുതൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ദേശീയ, അന്തർദേശീയ സംഘടനകളാണ് സംസ്ഥാന ആരോഗ്യ വകുപ്പിനെ സഹായിച്ചുവരുന്നത്?

ഉത്തരം

(എ) ആരോഗ്യവകുപ്പിന് ഈ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതികൾക്കായി കഴിഞ്ഞവർഷം അനുവദിച്ച തുകയേക്കാൾ രണ്ടുകോടി രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്.

(ബി) അന്തർദേശീയ സംഘടനകളുടെ സഹായം നേരിട്ട് ആരോഗ്യ വകുപ്പിന് ലഭിക്കുന്നില്ല. എന്നാൽ പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം കൂടാതെ ലോക ബാങ്ക് മുതലായ അന്തർദേശീയ സംഘടനകൾ കേന്ദ്രഗവൺമെന്റിനു നൽകുന്ന തുകയിൽനിന്നും ഒരു വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്നുണ്ട്.

**109 (735) രോഗപ്രതിരോധത്തിന് കേന്ദ്ര സഹായം**

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യവകുപ്പിന് രോഗ പ്രതിരോധത്തിനും രോഗ നിർമ്മാർജ്ജനത്തിനുമായി എന്തെങ്കിലും സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങൾക്കാണ് ലഭിക്കുന്നത്;

(ബി) ഈ ഇനത്തിൽ 1996-97 മുതൽ 1998-99 മാർച്ച് 31 വരെ ഓരോ ഇനത്തിലും എന്ത് തുക ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(സി) ഓരോ ഇനത്തിലും എന്ത് തുകവീതം ഈ കാലഘട്ടത്തിൽ ഓരോ വർഷവും ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിക്കുന്നുണ്ട്. പോളിയോ, മീസിൽസ്, ബി.സി.ജി, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് എന്നീ രോഗപ്രതിരോധത്തിനും പോളിയോ രോഗ നിർമ്മാർജ്ജനത്തിനും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ബി) ലഭിച്ച തുക



LIBRARY ARCHIVES Kerala Legislative Assembly